D2AML2004 (2 Pages) Name.............................
Reg.No..........................

**SECOND SEMESTER M.A DEGREE EXAMINATION, APRIL 2021**

മലയാളം

**FMAL2C08: ഇന്ത്യൻ സാഹിത്യസിദ്ധാന്തം**

**Time: 3 Hours** **Maximum Weightage: 30**

**I 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം**

1. ഭരതമുനിയുടെ രസസിദ്ധാന്തം എന്തെന്ന് വ്യാഖ്യാനിക്കുക?
2. കാവ്യപ്രയോജനത്തെക്കുറിച്ച് ഭാരതീയരുടെ നിരീക്ഷണം സമഗ്രവും സന്തുലിതവുമാണ്. ഇങ്ങനെ കരുതാൻ കാരണമെന്ത്?
3. രസോൽപത്തിവാദമനുസരിച്ച് രസപ്രതീതി ഉണ്ടാകാൻ നിമിത്തമാകുന്നതെന്തെല്ലാം?
4. 'ലക്ഷണ'യുടെ ഉൾപ്പിരിവുകളെന്തെല്ലാം?
5. 'സമഗ്രഗുണാ വൈദർഭി' എന്ന പ്രസ്താവനയുടെ സാംഗത്യമെന്ത്?
6. പ്രകരണവക്രതയും പ്രബന്ധവക്രതയും തമ്മിലുള്ള വ്യത്യാസമെന്ത്?
7. മാത്രാവൃത്തങ്ങളുടെ സവിശേഷതകൾ എന്തെല്ലാം? ഏതെങ്കിലും രണ്ട് മാത്രാവൃത്തങ്ങളെ പരിശോധിച്ച് വ്യക്തമാക്കുക.

(4x1=8 വെയ്റ്റേജ്)

**II 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 3 വെയ്റ്റേജ് വീതം**

8. 'കവിയും സഹൃദയനും പരസ്പരപൂരകങ്ങൾ' ആണെന്ന് കരുതാൻ കഴിയുമോ? ആചാര്യന്മാരുടെ നിരീക്ഷണങ്ങൾ എന്തെല്ലാം?
9. ക്ഷേമേന്ദ്രന്റെ ഔചിത്യസിദ്ധാന്തം കാവ്യരസപോഷണത്തെ സംബന്ധിച്ച് എത്രമാത്രം പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് വിശദീകരിക്കുക?
10. ഗുണീഭൂത വ്യംഗ്യം, ചിത്രകാവ്യം ഇവയെ ധ്വനിയുടെ അവാന്തരവിഭാഗങ്ങളായി ഗണിക്കാൻ കഴിയുമോ? പരിശോധിക്കുക?

11. അപ്രസ്തുതപ്രശംസ, അസംഗതി എന്നിവയ്ക്ക് ലക്ഷണവും ഉദാഹരണവുമെഴുതി അലങ്കാരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

12. നൈസർഗീകീച പ്രതിഭ
ശ്രുതം ച ബഹു നിർമ്മലം
അമന്ദ ശ്ചാഭിയോ ഗോ*f* സ്യാ
കാരണംകാവ്യസമ്പദഃ

ഈ കാരിക കവി യശഃ പ്രാർത്ഥികൾക്ക് ആശ്വാസവും ഉത്സാഹവും പകരുന്ന ഒന്നാണോ. നിങ്ങളുടെ അഭിപ്രായമെന്ത്?

13. 'ധ്വനിയുടെ എല്ലാ വകഭേദങ്ങളും അനുമാനത്തിൽ അന്തർഭവിക്കുന്നു' എന്ന മഹിമഭട്ടൻ വാദഗതി ശരിയാണോ?

14. അലങ്കാരസിദ്ധാന്തത്തെ പോഷിപ്പിക്കുന്ന വിവിധ മീംമാസകരുടെ മതങ്ങൾ ഏതെല്ലാം.

(4x3=12 വെയ്റ്റേജ്)

**III 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 വെയ്റ്റേജ് വീതം**

15. കവിയ്ക്കും കാവ്യത്തിനും സഹൃദയനും ഭാരതീയ കാവ്യമീമാംസകർ നൽകിയിരിക്കുന്ന സ്ഥാനം എത്രമാത്രമുണ്ട്? വിശദീകരിക്കുക.

16. രസസൂത്രവ്യാഖ്യാനങ്ങൾ ഏവ? സംയോഗം, നിഷ്പത്തി എന്നീ പദങ്ങൾക്ക് വ്യാഖ്യാതാക്കൾ നല്കിയിരിക്കുന്ന വ്യത്യസ്തമായ അർത്ഥതലങ്ങൾ ഏതെല്ലാം?

17. കവിതയിൽ വൃത്തവും അലങ്കാരവും ആവശ്യമാണോ? താളബോധത്തിന്റെ ആവശ്യകതയെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

18. മമ്മട മതമനുസരിച്ച് ധ്വനിഭേദങ്ങൾ ഏതെല്ലാം തരത്തിൽ വരുന്നുണ്ട്? ധ്വനിയുടെ അനന്തതയിലേക്ക് വിരൽചൂണ്ടുന്ന ആന്തരികസത്തയാണോ ധ്വനിഭേദങ്ങൾക്കുള്ളത്? വിശദീകരിക്കുക.

(2x5=10 വെയ്റ്റേജ്)